# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**തൊഴിലാളികൾക്കുള്ള സമഗ്ര ക്ഷേമ പദ്ധതി**

5543 ശ്രീ. സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൊഴിലാളി പ്രസ്ഥാനങ്ങളുടെ ഐക്യവും അർപ്പണ ബോധവും വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന കാര്യം ആലോചിക്കുമോ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**തൊഴിലാളി - തൊഴിലുടമ ബന്ധം ശക്തിപ്പെടുത്തുന്നതിന് നടപടി**

5544 ശ്രീ. കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളി-തൊഴിലുടമ ബന്ധം ശക്തിപ്പെടുത്താൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്;വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം തൊഴിലാളി-തൊഴിലുടമ ബന്ധം സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**വ്യവസായ ബന്ധ സമിതികളുടെ ഘടന**

5545 ശ്രീ. സി. മോയിൻ കുട്ടി
,, കെ. എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വ്യവസായ ബന്ധ സമിതികളുടെ ഘടന എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഏറ്റവും ഒടുവിൽ ഈ സമിതികൾ പുനഃസംഘടിപ്പിച്ചത് എന്നാണ് എന്ന് വിശദമാക്കുമോ;

(സി) ഏതൊക്കെ മേഖലകളിലെ തൊഴിലാളികൾക്കുവേണ്ടിയാണ് ഈ സമിതികൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**അന്യസംസ്ഥാനത്തൊഴിലാളികളും അയൽരാജ്യത്തൊഴിലാളികളും**

5546 ശ്രീ. ഇ. പി. ജയരാജൻ
,, വി. ശിവൻകുട്ടി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും അയൽ രാജ്യങ്ങളിൽ നിന്നുമുള്ള തൊഴിലാളികളുടെ വരവ് സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന തൊഴിലാളികളെ സംബന്ധിച്ച വ്യക്തിപരമായ വിവരങ്ങൾ യഥാസമയം ശേഖരിക്കപ്പെടുന്നുണ്ടോ;

(സി) ഏറ്റവും ഒടുവിലായി ശേഖരിക്കപ്പെട്ട വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) മതിയായ രേഖകൾ ഇല്ലാതെ അയൽ രാജ്യങ്ങളിൽ നിന്നുള്ളവർ സംസ്ഥാനത്ത് ജോലി ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് എന്ത് നടപടി സ്വീകരിക്കുകയുണ്ടായി?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**അന്യസംസ്ഥാന തൊഴിലാളികൾക്ക് പാർപ്പിടസൗകര്യം**

5547 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, എ. റ്റി. ജോർജ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ പാർപ്പിടസൗകര്യം നിരീക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ആർ. ഡി. ഒ. മാരുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ;

(സി) എന്തെല്ലാം കാര്യങ്ങളാണ് നിരീക്ഷണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) തൊഴിലാളികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 06.07.2012-ലെ മറുപടിക്ക്

**<u>അന്യസംസ്ഥാന തൊഴിലാളികളുടെ നിയമവിരുദ്ധ പ്രവര്‍ത്തനങ്ങള്‍</u>**

**5548**

**ശ്രീ. എ.എ. അസീസ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നിലവില്‍ വന്ന അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളി ക്ഷേമനിധി ബോര്‍ഡില്‍ നാളിതുവരെ എത്ര തൊഴിലാളികള്‍ രജിസ്റ്റര്‍ ചെയ്തു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) അന്യസംസ്ഥാന തൊഴിലാളികള്‍ ക്രിമിനല്‍ കുറ്റകൃത്യങ്ങളില്‍ ഏര്‍പ്പെടുന്നത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സര്‍ക്കാര്‍ സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**<u>നാദാപുരം മണ്ഡലത്തിലെ അന്യസംസ്ഥാന തൊഴിലാളികൾ</u>**

**5549 ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യത്തിന്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**നാദാപുരം മണ്ഡലത്തിൽ എത്ര അന്യസംസ്ഥാന തൊഴിലാളികളുണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?**

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**<u>അന്യസംസ്ഥാന തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം</u>**

5550 **ശ്രീ. സി.കെ.നാണു**
**,, മാത്യൂ റ്റി. തോമസ്**
**,, ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജോലി ചെയ്യുന്ന അന്യ സംസ്ഥാന തൊഴിലാളികളിൽ എത്ര പേർ അന്യ സംസ്ഥാന തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്;

(ബി) അന്യസംസ്ഥാന തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാകാത്തവരെ ക്ഷേമനിധിയിൽ ചേർക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**അന്യസംസ്ഥാനതൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വം**

**5551 ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**ഏതെല്ലാം ക്ഷേമനിധിയിൽ എത്ര അന്യസംസ്ഥാനതൊഴിലാളികളാണ് ഇതുവരെ അംഗത്വം എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?**

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**അന്യസംസ്ഥാന തൊഴിലാളികൾ**

**5552 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കണക്കെടുക്കുന്നതിന് സർക്കാരിന് സംവിധാനം ഉണ്ടോയെന്നു വിശദമാക്കുമോ;

(ബി) ഏറ്റവുമധികം അന്യസംസ്ഥാന തൊഴിലാളികൾ ഏതു സംസ്ഥാനത്തു നിന്നും എത്തിയവരാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**തൊഴിൽ വകുപ്പിൽ പുതിയ തസ്തികകൾ**

5553 **ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പുതിയ തസ്തികകളാണ് സൃഷ്ടിക്കുന്നതെന്ന കാര്യം വ്യക്തമാക്കാമോ ?

# കേരള നിയമസഭ

## 06.07.2012-ലെ മറുപടിക്ക്

**ബാലവേല നിർമ്മാർജ്ജനത്തിനുള്ള നടപടികൾ**

5554 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, പി. കെ. ബഷീർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബാലവേല നിർമ്മാർജ്ജന പരിപാടിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ബാലവേലയിലേക്ക് കുട്ടികളെ നയിക്കുന്ന ഘടകങ്ങളെക്കുറിച്ച് തൊഴിൽ വകുപ്പ് പഠനമെന്തെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) കുടുംബസാഹചര്യങ്ങൾമൂലം ബാലവേലയ്ക്ക് നിർബന്ധിതരാകുന്ന കുട്ടികളുടെ കുടുംബത്തിലെ അത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന കാര്യത്തിൽ തൊഴിൽ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ലാഭക്കൊതിയുള്ള ഏജന്റുമാർ കുട്ടികളെ ബാലവേലയ്ക്ക് നിർബന്ധിതരാക്കുന്ന സാഹചര്യം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>വിശ്വകർമ്മ വിഭാഗത്തിനുള്ള ക്ഷേമപദ്ധതികൾ</u>

5555 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത തൊഴിൽ സമുദായ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ വിശ്വകർമ്മജർക്ക് എന്തെല്ലാം ക്ഷേമ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ദേശസാൽകൃത ബാങ്കുകളിൽ അപ്രൈസർ തസ്തികയിൽ സ്വർണ്ണത്തൊഴിലാളികൾക്ക് നിയമനം നൽകാനാവശ്യമായ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കൊരട്ടി ഇ.എസ്.ഐ. ആശുപത്രിക്ക് കെട്ടിടം**

5556 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സ്വന്തമായി സ്ഥലമുള്ള കൊരട്ടി ഇ. എസ്. ഐ. ആശുപത്രിയ്ക്കായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**തിരുവനന്തപുരം ജില്ലയിൽ വ്യവസായ സംരംഭകത്വ പരിശീലന കേന്ദ്രങ്ങൾ തുടങ്ങാൻ നടപടി**

5557 **ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വ്യവസായ സംരംഭകത്വ പരിശീലന കേന്ദ്രങ്ങൾ എത്രയെണ്ണമുണ്ടെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) വ്യവസായ സംരംഭകത്വ പരിശീലന കേന്ദ്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തത് ചെറുകിട വ്യവസായ യൂണിറ്റുകളെയും തൊഴിലാളികളെയും ബുദ്ധിമുട്ടിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ക്ഷേമനിധി ബോർഡുകളിലെ പെൻഷനുകൾ കുടിശ്ശിക**

5558 ശ്രീ. എളമരം കരീം
,, പി.കെ. ഗുരുദാസൻ
,, എം.ഹംസ
,, കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നിലവിൽ ക്ഷേമനിധി ബോർഡുകളുടെ ഏതെല്ലാം ക്ഷേമ പെൻഷനുകൾ കുടിശ്ശികയായിട്ടുണ്ട്; എത്ര മാസം വീതം; വിശദാംശം ലഭ്യമാക്കുമോ;

(സി) ദേശസാൽകൃത ബാങ്കുകളിലല്ലാതെ നിക്ഷേപം നടത്തിയിരിക്കുന്ന ഓരോ ക്ഷേമനിധി ബോർഡിന്റെയും നിക്ഷേപതുകയും, സ്ഥാപനത്തിന്റെ പേരും വിശദമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**<u>ക്ഷേമപെന്‍ഷന്‍ കുടിശ്ശിക</u>**

5559 **ശ്രീ. സി. കൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യത്തിന്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

**ക്ഷേമപെന്‍ഷനുകള്‍ വിതരണം ചെയ്യുന്നതില്‍ ഇപ്പോള്‍ എത്ര മാസം കുടിശ്ശിക ഉണ്ടായിട്ടുണ്ടെന്ന് ക്ഷേമനിധി തിരിച്ച് വ്യക്തമാക്കാമോ ?**

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ലഭ്യമാകുന്ന ആനുകൂല്യങ്ങൾ**

**5560 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ചുമട്ടുതൊഴിലാളികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പ്രസ്തുത തൊഴിലാളികൾക്ക് പുതുതായി ഏതെങ്കിലും ആനുകൂല്യങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കുട്ടനാട്ടിലെ അസംഘടിത തൊഴിലാളികൾക്കുള്ള പെൻഷൻ കുടിശ്ശിക**

5561 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അസംഘടിത തൊഴിലാളികൾക്കുള്ള പെൻഷൻ ലഭിക്കുന്ന എത്രപേർ കുട്ടനാട് നിയോജകമണ്ഡലത്തിലുണ്ടെന്ന് പഞ്ചായത്തുകൾ തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തൊഴിലാളികളുടെ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയായുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കുടിശ്ശിക നൽകുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**<u>നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിലെ നിയമനം</u>**

5562

**ശ്രീ. എം. എ. വാഹീദ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ, ഹെഡ് ക്ലാർക്ക് എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(സി) ജോലി ക്രമീകരണ വ്യവസ്ഥയിൽ ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർമാരെ സ്ഥലംമാറ്റി നിയമിക്കുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്നും എത്ര പേരെ ഈ ഉത്തരവ് പ്രകാരം നിയമിച്ചുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവരുടെ കണക്ക്**

5563 **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുളള എത്ര തൊഴിൽ രഹിതർ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇവരിൽ എത്ര പേർക്ക് ഈ സാമ്പത്തിക വർഷം നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷം പുതിയതായി എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ

## 06.07.2012-ലെ മറുപടിക്ക്

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽക്ഷമതാ വികസന കേന്ദ്രങ്ങളാക്കി മാറ്റാൻ നടപടി**

5564 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽക്ഷമതാ വികസന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) 2011-12 കാലഘട്ടത്തിൽ സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി എത്ര പേർക്ക് തൊഴിൽ നൽകിയെന്ന് ജില്ലാടിസ്ഥാനത്തിലുള്ള വിവരം നൽകുമോ ;

(സി) സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരുകൾ രജിസ്റ്റർ ചെയ്യുകയും തൊഴിലിനായി കാത്തിരിക്കുകയും ചെയ്യുന്നവരുടെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ഡി) നിലവിൽ ഏതെല്ലാം വകുപ്പുകളിലെ, ഏതെല്ലാം തസ്തികളിൽ ആണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) താൽക്കാലിക ഒഴിവുകൾ ഉണ്ടായിട്ടും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിലെ പ്രൊമോഷൻ**

5565 ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകളിൽ പ്രൊമോഷൻ നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഈ ഒഴിവുകൾ യഥാസമയം നികത്തുവാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**മുക്കം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്**

5566 ശ്രീ. സി മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വിഭജിച്ച് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ രൂപീകരിക്കാനുള്ള പ്രൊപ്പോസൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) മുക്കം ആസ്ഥാനമായി ഒരു ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രൂപീകരിക്കുന്ന കാര്യം പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) മലയോരപ്രദേശത്തെ ഉദ്യോഗാർത്ഥികൾക്ക് ഏറെ സൗകര്യ പ്രദമാകും എന്നത് കണക്കിലെടുത്ത് മുക്കം ആസ്ഥാനമായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കെയിൻ, ബാംബൂ മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണം**

**5567** ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളായ കെയിൻ, ബാംബു മേഖലയിൽ എത്ര തൊഴിലാളികൾ ഓരോ ജില്ലയിലും പ്രവൃത്തിയെടുക്കുന്നുണ്ട്;

(ബി) കയർ, കൈത്തറി, കശുവണ്ടി മേഖലകൾക്ക് നൽകുന്ന പ്രാധാന്യം കെയിൻ, ബാംബു മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണത്തിനും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇവർക്ക് അസംസ്കൃത സാധനങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും അവരുടെ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കാനും ഉൽപന്നങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് പെൻഷൻ

5568 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേർത്തല ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ കീഴിൽ എത്ര അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾ ഉണ്ട്; ഈ വിഭാഗം തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) ചേർത്തല കടക്കരപ്പള്ളി പഞ്ചായത്തിലെ 1003-ാം നമ്പർ സഹകരണ ബാങ്കിലെ ചുമട്ടുതൊഴിലാളിയും അറ്റാച്ച്ഡ് വിഭാഗത്തിൽപ്പെട്ടയാളുമായ ശ്രീ. സി.എം. കുട്ടപ്പൻ പിരിഞ്ഞുപോയപ്പോൾ ക്ഷേമനിധി ഇനത്തിൽ തൊഴിലാളി അടച്ച തൊഴിലാളിവിഹിതം മാത്രമേ ലഭിച്ചിരുന്നുള്ളൂ എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അദ്ദേഹത്തിന് അർഹമായിട്ടുള്ള ക്ഷേമനിധിയുടെ ബാക്കിതുക ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ശ്രീ. സി.എം. കുട്ടപ്പന് പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>സ്വകാര്യ തൊഴിൽ പരിശീലന സ്ഥാപനങ്ങൾ</u>

**5569**

ശ്രീ. കെ. ശിവദാസൻ നായർ
,, പി. എ. മാധവൻ
,, വർക്കല കഹാർ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(ബി) ഇതിനായി പ്രത്യേക നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ഐ.റ്റി.ഐ കോഴ്സുകളുടെ പരീക്ഷ**

5570 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിനു കീഴിലുള്ള ഐ.റ്റി.ഐ കോഴ്സുകളുടെ പരീക്ഷ നടത്തുന്നതുമൂലം സർക്കാർ ഹൈസ്ക്കൂളുകളിലെ പഠനം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി മുൻ വർഷങ്ങളിൽ ലഭിച്ച പരാതികൾക്ക് പരിഹാരം കാണുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇത്തരം പരീക്ഷകൾകൂടി മധ്യവേനൽ അവധിക്കാലത്ത് നടത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ

# 06.07.2012-ലെ മറുപടിക്ക്

<u>ഐ. ടി. ഐ. കളിൽ തൊഴിൽ പരിശീലനം</u>

5571 ശ്രീ. കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഐ. റ്റി. ഐ. കളിലെ അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി സ്വകാര്യ സംരംഭകരുടെ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയിൽ എത്ര സംരംഭകർ രജിസ്റ്റർ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**ആറ്റിങ്ങൽ ഗവ. ഐ.ടി.ഐ.-ൽ പുതിയ കോഴ്സുകൾ**

**5572** **ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഗവ. ഐ.ടി.ഐ.-ൽ പരിമിതമായ കോഴ്സുകൾ മാത്രമേ നിലവിലുള്ളൂവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ പുതിയ കോഴ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>എരിക്കുളം ഐ.ടി.ഐ ക്ക് കെട്ടിടം</u>

5573 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ മടിക്കൈ പഞ്ചായത്തിലെ എരിക്കുളത്ത് എന്നാണ് ഐ.ടി.ഐ ആരംഭിച്ചത്;

(ബി) ഐ.ടി.ഐക്ക് കെട്ടിടം നിർമ്മിക്കാൻ എത്രസ്ഥലമാണ് സർക്കാർ നൽകിയിട്ടുള്ളത്;

(സി) കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ഡി) എന്തുകൊണ്ടാണ് നിർമ്മാണം നടക്കാത്തത്;

(ഇ) കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ക്ഷേമനിധി ബോർഡുകളുടെ ഏകീകരണം**

**5574**

**ശ്രീ. ഷാഫി പറമ്പിൽ**
**,, എ. റ്റി. ജോർജ്**
**,, ജോസഫ് വാഴക്കൻ**
**,, പി. എ. മാധവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ക്ഷേമനിധി ബോർഡുകൾ ഏകീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;**

(ബി) **പ്രസ്തുത ഏകീകരണം മൂലമുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;**

(സി) **ഏകീകരണം എന്ന് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;**

(ഡി) **ക്ഷേമനിധി ബോർഡിന്റെ ഭരണച്ചെലവ് കുറച്ച് തൊഴിലാളികൾക്ക് പരമാവധി ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ?**

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് സ്മാർട്ട് കാർഡ്**

5575 ശ്രീ. വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് സ്മാർട്ട് കാർഡ് നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് തടയാൻ തൊഴിലാളികൾക്ക് നൽകുന്ന സ്മാർട്ട് കാർഡുകൾ എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്;

(സി) പ്രസ്തുത കാർഡുകളിൽ എന്തെല്ലാം വിവരങ്ങളാണ് ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് എന്നും കാർഡുകൾ നൽകുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**<u>ക്ഷേമനിധി അംഗങ്ങൾക്ക് സ്മാർട്ട് കാർഡ് വിതരണം</u>**

5576 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് സ്മാർട്ട് കാർഡ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ആധാർ നമ്പർ പ്രകാരം തൊഴിലാളികൾക്കുള്ള സ്മാർട്ട് കാർഡുകൾ വിതരണം ചെയ്യുമോ എന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത കാർഡുകൾ എന്ന് മുതൽ വിതരണം ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ

# 06.07.2012-ലെ മറുപടിക്ക്

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടത്തിപ്പിനായി ഇൻഷ്വറൻസ് കമ്പനിയുമായി ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ**

5577 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. പി. റ്റി. എ. റഹീം
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടത്തിപ്പിനായി ഇൻഷ്വറൻസ് കമ്പനിയെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തിയ കമ്പനിയുമായി ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനുളള ഏജൻസിയെ കണ്ടെത്താനുളള ടെണ്ടറിൽ എത്രപേർ പങ്കെടുക്കുകയുണ്ടായി; ഇതിൽ പൊതുമേഖലാ കമ്പനികൾ ഏതൊക്കെയായിരുന്നു; പ്രാഥമിക അയോഗ്യതകൾ കണ്ടെത്തിയ കമ്പനികളിൽ പൊതുമേഖലാ കമ്പനികൾ ഉണ്ടോ. ആർക്കൊക്കെ അർഹതയുണ്ടായെന്ന് അറിയിക്കുമോ;

(സി) പ്രിമീയം അടക്കുന്നതിനായി കണക്കാക്കപ്പെട്ട ഗുണഭോക്താക്കൾ എത്രയാണ്; ഇതിനായി കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന തുക എത്ര; സംസ്ഥാനം ചെലവഴിക്കേണ്ടിവരുന്ന തുക എത്ര; അതിനായി ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്രയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>ആബി പദ്ധതി</u>

5578 ശ്രീ. ഷാഫി പറമ്പിൽ
,, കെ. മുരളീധരൻ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'ആബി പദ്ധതിയുടെ' ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികൾ വഴിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്;

(സി) അർഹതയുള്ള എല്ലാ കുടുംബാംഗങ്ങളേയും പ്രസ്തുത പദ്ധതിയിൽ അംഗമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

5579 ശ്രീ. വി. എസ്. സുനിൽ കുമാർ
,, വി. ശശി
,, ജി. എസ്. ജയലാൽ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ സ്മാർട്ട് കാർഡുമായി ചികിത്സയ്ക്കെത്തുന്നവർക്ക് ചികിത്സാ സഹായം നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ആരോഗ്യ ഇൻഷ്വറൻസ് രംഗത്ത് സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര കമ്പനികൾ, അവ ഏതെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതിയിൽ നിന്നും സ്വകാര്യ ആശുപത്രികൾ പിന്മാറുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയിൻ കീഴിൽ ചികിത്സാസഹായം കൊടുത്തു തീർക്കാനുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുക ഇതുവരെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലുള്ള തൃശൂർ ജില്ലയിലെ സ്വകാര്യ ആശുപത്രികൾ**

5580

**ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ തൃശൂർ ജില്ലയിൽ നിലവിൽ ഉള്ള സ്വകാര്യ ആശുപത്രികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ നിന്ന് പിൻമാറിയ സ്വകാര്യ ആശുപത്രികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ആശുപത്രികൾ ഈ പദ്ധതിയിൽ നിന്ന് പിന്മാറിയിതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## കാസർഗോഡ് ജില്ലയിൽ സ്മാർട്ട് കാർഡുകൾ ഉപയോഗിച്ചുള്ള ചികിത്സ

**5581** **ശ്രീ. എൻ.എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സ്മാർട്ട് കാർഡുകൾ ഉപയോഗിച്ചുള്ള ചികിത്സയ്ക്ക് സൗകര്യമുള്ള ആശുപത്രികൾ ഏതൊക്കെയാണ്;

(ബി) അനുവാദം നൽകിയിട്ടും ചില ആശുപത്രികൾ സ്മാർട്ട് കാർഡ് സ്വീകരിക്കാൻ വിമുഖത കാട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ജില്ലയിൽ സ്മാർട്ട് കാർഡ് വഴി ചികിത്സ അനുവദിച്ചതിൽ ആശുപത്രികൾക്ക് പണം നൽകാൻ അവശേഷിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം ആശുപത്രികളെന്നും എത്രവീതം തുക നൽകാനുണ്ടെന്നും എന്ന് പ്രസ്തുത തുക അടയ്ക്കാനാകുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**<u>കണ്ണൂര്‍ ജില്ലയില്‍ സമഗ്ര ആരോഗ്യ ഇന്‍ഷ്വറന്‍സ് പദ്ധതി</u>**

**5582 ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സമഗ്ര ആരോഗ്യ ഇന്‍ഷുറന്‍സ് പദ്ധതിയുടെ വിശദാംശം നല്‍കുമോ;

(ബി) കണ്ണൂര്‍ ജില്ലയിലെ ഏതൊക്കെ ആശുപത്രികളെയാണ് ഈ സ്കീമില്‍ ഉള്‍പ്പെടുത്തിയിട്ടുളളത്; വിശദാംശം നല്‍കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**മിനിമം വേതനം നൽകാത്ത സ്വകാര്യ ആശുപത്രികൾ**

5583 ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. ദാസൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജീവനക്കാർക്ക് മിനിമം വേതനം നൽകാത്ത സ്വകാര്യ ആശുപത്രി മാനേജ്മെന്റുകളെ കുറിച്ചുള്ള വിവരം ലഭ്യമാണോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതൊക്കെ സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ പ്രശ്നത്തിൽ തൊഴിൽ വകുപ്പ് ഇടപെട്ട് പ്രശ്നപരിഹാരമുണ്ടാക്കി എന്നറിയിക്കുമോ;

(സി) അന്യ സംസ്ഥാനത്ത് ജോലി ചെയ്യുന്ന നേഴ്സുമാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; അതത് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിച്ച കേസുകളുടെ വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കൊല്ലം ജില്ലയിലെ ഇ.എസ്.ഐ. ആശുപത്രികളുടെ നവീകരണം**

5584 **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽപ്പെട്ട ഏതൊക്കെ ഇ.എസ്.ഐ. ആശുപത്രികളാണ് നവീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അഞ്ചൽ ഇ.എസ്.ഐ. ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?